കേരള സർക്കാർ
(സംഗ്രഹം)

പത്താം പഞ്ചവത്സര പദ്ധതി - തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികേന്ദ്രീകൃതാസൂത്രണം - വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ്

ജി.ഒ. (എം.എസ്സ്) നമ്പർ 48/2004/പ്ലാനിംഗ് തിരുവനന്തപുരം, 2004, ജൂൺ, 28.

---

പരാമർശം - 31.3.2004-ലെ ജി.ഒ. (എം.എസ്സ്) 48/2004/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്

# ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങൾ പത്താം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖ പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളിൽ ചിലതിന് ഭേദഗതികൾ വരുത്തേണ്ടതുണ്ടെന്നും മറ്റ് ചിലതിന് കൂടുതൽ വിശദീകരണങ്ങൾ നൽകേണ്ടതുണ്ടെന്നും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി ശുപാർശ ചെയ്തിട്ടുണ്ട്.

കോർഡിനേഷൻ സമിതിയുടെ ശുപാർശകൾ വിശദമായി പരിശോധിച്ച് പരാമർശത്തിലെ സർക്കാർ ഉത്തരവ് മുഖേന പുറപ്പെടുവിച്ച മാർഗ്ഗരേഖയ്ക്ക് ചുവടെ കൊടുത്തിരിക്കുന്ന ഭേദഗതികൾ വരുത്തിയും വിശദീകരണങ്ങൾ നല്കിയും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(എ) ഭേദഗതികൾ

1. 2004-05 വാർഷിക പദ്ധതി അംഗീകാരം

(i) തദ്ദേശഭരണ സ്ഥാപനങ്ങൾ 2004-05 വാർഷിക പദ്ധതി തയ്യാറാക്കി ടെക്നിക്കൽ അഡ്വൈസറി കമ്മറ്റിയുടെ പരിശോധനയ്ക്ക് സമർപ്പിക്കുന്നതിനും, ജില്ലാ ആസൂത്രണ സമിതികൾ അവയ്ക്ക് അംഗീകാരം നൽകുന്നതിനുമുള്ള അവസാന തീയതികൾ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ദീർഘിപ്പിക്കുന്നു.

| തദ്ദേശഭരണ സ്ഥാപനം | ടെക്നിക്കൽ അഡ്വൈസറി കമ്മറ്റിക്ക് | ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകേണ്ട |
|---|---|---|

| | സമർപ്പിക്കേണ്ട തീയതി | തീയതി |
|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | 2004 ജൂലൈ 12 | 2004 ജൂലൈ 20 |
| ബ്ലോക്ക് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും | 2004 ജൂലൈ 17 | 2004 ജൂലൈ 27 |
| ജില്ലാ പഞ്ചായത്തുകളും കോർപ്പറേഷനുകളും | 2004 ജൂലൈ 20 | 2004 ജൂലൈ 31 |

(ii) തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2004-05 - ലെ പട്ടിക വർഗ്ഗ ഉപപദ്ധതി, 31-05-2003 ലെ ജി.ഒ. (എം.എസ്സ്) 54/2003/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള പ്രത്യേക നടപടിക്രമങ്ങൾ പാലിച്ച് തയ്യാറാക്കുന്നതിന് കൂടുതൽ സമയം ആവിശ്യമാണെന്നതിനാൽ അത് തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള അവസാന തീയതികളും ദീർഘിപ്പിക്കുന്നു. എന്നാൽ തീയതികൾ പിന്നീട് ഗവൺമെന്റ് നിശ്ചയിക്കുന്നതാണ്.

(iii) പദ്ധതി സമർപ്പിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി അംഗീകാരം നല്കുന്നതിന് ജില്ലാ ആസൂത്രണ സമിതികൾ നടപടി സ്വീകരിക്കണം.

2. അക്ഷയാ കമ്പ്യൂട്ടർ സാക്ഷരതാ പരിപാടി

(i) ഗുണഭോക്താക്കളുടെ പരിശീലന ചെലവ് ചുവടെ വിവരിക്കുന്ന പ്രകാരം ഭേദഗതി ചെയ്യുന്നു:-

(a) ഗ്രാമപ്രദേശങ്ങൾ :- ഒരു കുടുംബത്തിലെ ഒരാൾക്ക് ഗ്രാമപഞ്ചായത്ത് 60 രൂപ, ബ്ലോക്ക് പഞ്ചായത്ത് 10 രൂപ, ജില്ലാ പഞ്ചായത്ത് 10 രൂപ, ഗുണഭോക്തൃ വിഹിതം 40 രൂപ എന്ന നിരക്കിൽ.

(b) നഗരപ്രദേശങ്ങൾ :- ഒരു കുടുംബത്തിലെ ഒരാൾക്ക് മുനിസിപ്പാലിറ്റി /കോർപ്പറേഷൻ 80 രൂപ, ഗുണഭോക്തൃ വിഹിതം 40 രൂപ എന്ന നിരക്കിൽ.

(c) പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ഗുണഭോക്തൃ വിഹിതം, ആവിശ്യമെങ്കിൽ, പ്രത്യേക ഘടക പദ്ധതി /പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്ന് നല്കാവുന്നതാണ്. പ്രസ്തുത ഗുണഭോക്തൃ വിഹിതം ഗ്രാമപ്രദേശങ്ങളിൽ ഒരു കുടുംബത്തിന് ഗ്രാമപഞ്ചായത്ത് 20 രൂപ, ബ്ലോക്ക് പഞ്ചായത്ത് 10 രൂപ , ജില്ലാ പഞ്ചായത്ത് 10 രൂപ എന്ന നിരക്കിൽ നല്കാവുന്നതാണ്.

(ii) അക്ഷയാ പരിപാടിക്ക് ആവിശ്യമായ തുക വകയിരുത്തിയിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2004-05 വാർഷിക പദ്ധതി അംഗീകരിക്കുമ്പോൾ തന്നെ ജില്ലാ ആസൂത്രണ സമിതി ഉറപ്പ് വരുത്തേണ്ടതാണ്.

(iii) തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ പരിപാടിക്കുള്ള വിഹിതം 5.5.2004-ലെ ജി.ഒ. (ആർ.ടി) 3330/04/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ പേരിൽ ആരംഭിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിക്കണം.

(iv) പട്ടികവർഗ്ഗ സങ്കേതങ്ങൾ ഉൾപ്പെടെ ഏറ്റവും പിന്നോക്കം നില്ക്കുന്ന പ്രദേശങ്ങളിൽ ഈ പരിപാടി നടപ്പിലാക്കുന്നതിന് പ്രത്യേക തന്ത്രം (Special Strategy) വിവരസാങ്കേതിക വകുപ്പ് ആവിഷ്ക്കരിക്കുന്നതാണ്.

3. ഒരു ബൃഹത്തായ സംയോജിത ഉല്പാദന വർദ്ധന പ്രോജക്ടിന്റെ ഘടകമെന്ന നിലക്ക് പച്ചക്കറി വിത്തുകളും നെൽ വിത്തുകളും തൈകളും സൗജന്യമായി (100 ശതമാനം സബ്സിഡി) നാമമാത്ര കർഷകർക്ക് പുറമെ ചെറുകിട കർഷകർക്ക് കൂടി നല്കാവുന്നതാണ്.

(ബി) വിശദീകരണങ്ങൾ

1. 2004-05 പദ്ധതി മുതൽ പദ്ധതി വിഹിതത്തിൽ ക്യാരിഓവർ അനുവദനീയമല്ലാത്തതിനാൽ മുൻ വാർഷിക പദ്ധതിയിൽ മേഖലാ നിബന്ധനകൾ പാലിച്ചിരുന്നോ/നിർബന്ധമായും ഏറ്റെടുക്കേണ്ട പരിപാടികൾ നടപ്പിലാക്കിയിരുന്നോ എന്ന് പരിശോധിക്കുന്നതും പ്രത്യേകഘടക പദ്ധതി / പട്ടികവർഗ്ഗ ഉപപദ്ധതിയിലെ കുറവ് കണക്കാക്കുന്നതും ചുവടെ വിവരിക്കുന്ന രീതിയിൽ ആയിരിക്കണം.

(i) മുൻ വാർഷിക പദ്ധതിയിൽ മേഖലാ നിബന്ധനകൾ പാലിച്ചിരുന്നോ എന്നും നിർബന്ധമായും ഏറ്റെടുക്കണമെന്ന് നിർദ്ദേശിച്ചിരുന്ന പ്രത്യേക പദ്ധതികൾ/ പരിപാടികൾ (വനിതാ ഘടകപദ്ധതി, ശിശുക്കൾ വൃദ്ധജനങ്ങൾ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ എന്നിവർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതി, ചേരിപരിഷ്കരണം മുതലായവ) നടപ്പാക്കിയിട്ടുണ്ടോ എന്നും പരിശോധിക്കുന്നത് ചെലവിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം. ന്യൂനതകൾ അടുത്ത വാർഷിക പദ്ധതിയിൽ പരിഹരിക്കണം. ഉദാഹരണത്തിന് ഒരു ഗ്രാമപഞ്ചായത്തിന് 2003-04-ൽ ഇ.എഫ്.സി ഉൾപ്പെടെ പൊതുവിഭാഗത്തിലെ ചെലവ് 40 ലക്ഷം രൂപയും (അംഗൻവാടി പോഷകാഹാര വിതരണം, പ്രത്യേക കുടിവെള്ള പദ്ധതി, സമ്പൂർണ്ണ ശുചിത്വ പരിപാടി, അക്ഷയാ കമ്പ്യൂട്ടർ സാക്ഷരതാ പരിപാടി, എന്നിങ്ങനെ മേഖലാ വിഭജനത്തിൽ ഉൾപ്പെടുത്താത്ത പരിപാടികളുടെ ചെലവ് ഒഴിച്ച്) അതിൽ ഉല്പാദന, സേവന, പശ്ചാത്തല മേഖലകളിലെ ചെലവ് യഥാക്രമം 10 ലക്ഷം രൂപ (25%), 14 ലക്ഷം രൂപ (35%), 16 ലക്ഷം രൂപ (40%) എന്നിങ്ങനെയുമാണെന്നിരിക്കട്ടെ. ഗ്രാമപഞ്ചായത്തുകൾ ഉല്പാദന മേഖലയിൽ കുറഞ്ഞത് 30 ശതമാനം തുകയാണ് ചെലവഴിക്കേണ്ടിയിരുന്നത്. അതിനാൽ മുകളിൽ സൂചിപ്പിച്ച ഉദാഹരണത്തിൽ ചെലവിന്റെ അടിസ്താനത്തിൽ കുറവുള്ള 5% തുകയ്ക്ക് തുല്യമായ തുക (2 ലക്ഷം

രൂപ) 2004-05 വാർഷിക പദ്ധതിയിൽ ഉല്പാദന മേഖലയിൽ അധികം വകയിരുത്തണം. അതുപോലെ പശ്ചാത്തല മേഖലയിൽ കൂടുതൽ ചെലവഴിച്ച 10 ശതമാനം തുകയ്ക്ക് തുല്യമായ തുക (4 ലക്ഷം രൂപ) 2004-05 വാർഷിക പദ്ധതിയിൽ പരിഹരിക്കണം. ഇപ്രകാരം പ്രത്യേകഘടക പദ്ധതിയിലെയും പട്ടികവർഗ്ഗ ഉപപദ്ധതിയിലെയും പശ്ചാത്തല മേഖലയിലെ അധിക ചെലവ്, വനിതാ ഘടക പദ്ധതി, ശിശുക്കൽ വൃദ്ധജനങ്ങൾ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ എന്നിവർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതി, ചേരി പരിഷ്ക്കരണം എന്നിവയിലെ കുറവുകളും എല്ലാ വിഭാഗം തദ്ദേശഭരണ സ്ഥാപനങ്ങളും കണക്കാക്കി 2004-05 വാർഷിക പദ്ധതിയിൽ പരിഹരിക്കണം.

(ii) ഒരു വാർഷിക പദ്ധതിയിൽ പൊതുവിഭാഗം പദ്ധതി വിഹിതത്തിലെ ചെലവിന് ആനുപാതികമായി പ്രത്യേക ഘടകപദ്ധതി പട്ടിക വർഗ്ഗ ഉപപദ്ധതി എന്നീ ഇനങ്ങളിൽ ചെലവ് ഉണ്ടായിട്ടില്ലെങ്കിൽ കുറവുള്ള തുക അടുത്ത വാർഷിക പദ്ധതിയിൽ പൊതുവിഭാഗം പദ്ധതി വിഹിതത്തിൽ നിന്ന് പരിഹരിക്കണം. അതായത് പ്രത്യേക ഘടക പദ്ധതിയിൽ എത്ര തുക കൂടി ചെലവഴിച്ചിരുന്നുവെങ്കിലാണ് പൊതു വിഭാഗത്തിന് (ഇ.എഫ്.സി. ഉൾപ്പെടെ) ആനുപാതികമായ ചെലവ് (ശതമാനം) ഉണ്ടാകുമായിരുന്നത് അത്രയും തുക നടപ്പ് വർഷത്തിൽ സാധാരണ വിഹിതത്തിൽ നിന്ന് പരിഹരിക്കണം. അതുപോലെ പട്ടികവർഗ്ഗ ഉപപദ്ധതിയിലും പരിഹാര തുക കണ്ടെത്തണം. ഉദാഹരണമായി 2003-04-ൽ പൊതുവിഭാഗത്തിലും ഇ.എഫ്.സി.യിലും കൂടി 50 ലക്ഷം രൂപ പ്രത്യേക ഘടക പദ്ധതിയിൽ 20 ലക്ഷം രൂപ പട്ടികവർഗ്ഗ ഉപപദ്ധതിയിൽ 14 ലക്ഷം രൂപ എന്നിങ്ങനെ വിഹിതം ലഭിച്ച (9.8.2003-ലെ) ജി.ഒ. (പി). 419/2003/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ലഭിച്ച അധിക വിഹിതം ഉൾപ്പെടെ 2003-04-ൽ പതിനൊന്ന് ഗഡുക്കളിലായി ലഭിച്ച തുക) ഒരു തദ്ദേശഭരണസ്ഥാപനത്തിന് ചെലവുകൾ യഥാക്രമം 40 ലക്ഷം (80%), 12 ലക്ഷം (60%), 7 ലക്ഷം (50%), എന്നിങ്ങനെയാണെന്നിരിത്തട്ടെ. ഇവിടെ ഇ.എഫ്.സി. ഉൾപ്പെടെ പൊതുവിഭാഗത്തിലെ ചെലവ് 80 ശതമാനം ആയതിനാൽ പ്രത്യേക ഘടക പദ്ധതിയിലും പട്ടികവർഗ്ഗ ഉപപദ്ധതിയിലും 80 ശതമാനം ചെലവ് ഉണ്ടാകുന്നതിനുള്ള പരിഹരിക്കണം. അതായത് പ്രത്യേക ഘടക പദ്ധതിയ്ക്ക് 4 ലക്ഷം രൂപയും (പ്രത്യേക ഘടക പദ്ധതി ഇനത്തിൽ ലഭിച്ച തുകയുടെ 20%) പട്ടികവർഗ്ഗ ഉപപദ്ധതിയ്ക്ക് 4.2 ലക്ഷം രൂപയും (പട്ടികവർഗ്ഗ ഉപപദ്ധതി ഇനത്തിൽ ലഭിച്ച തുകയുടെ 30%) പരിഹാര വകയിരുത്തലായി 2004-05 വാർഷിക പദ്ധതിയിൽ സാധാരണ വിഹിതത്തിൽ നിന്ന് മാറ്റി വയ്ക്കണം.

2. ഖാദി കമ്മീഷന്റെയും കേരളാ ഖാദി ഗ്രാമവ്യവസായ ബോർഡിന്റെയും കീഴിൽ പ്രവർത്തിക്കുന്ന നിലവിലുള്ള വ്യവസായ യൂണിറ്റുകളുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനും (upgradation) വിപുലീകരണത്തിനും (expansion) ആവിശ്യമായ മൂലധന ചെലവുകൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്. അതുപോലെ ദാരിദ്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ ഗുണഭോക്താക്കളുടെ ഖാദി ഗ്രാമവ്യവസായ മേഖലയിലെ വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾക്ക് ഗ്രാമപ്രദേശങ്ങളിൽ എസ്ജി.എസ്. വൈയും നഗരപ്രദേശങ്ങളിൽ എസ്.ജെ.എസ്.ആർ.വൈ. നിരക്കുകളും മാനദണ്ഡങ്ങളും

അനുസരിച്ച് ധനസഹായം നല്കാവുന്നതാണ്. എന്നാൽ സഹകരണ സംഘങ്ങൾക്കും ചാരിറ്റബിൾ സൊസൈറ്റികൾക്കും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്ന് ധനസഹായം നല്കേണ്ടതില്ല എന്നത് സർക്കാരിന്റെ നയപരമായ തീരുമാനമായതിനാൽ ഖാദി ഗ്രാമവ്യവസായ മേഖലയിലെ അത്തരം സൊസൈറ്റികൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾ ധനസഹായം നല്കേണ്ടതില്ല.

3. വിവാഹ ധനസഹായം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളിലെ വനിതകളുടെ വിവാഹത്തിന് മാത്രമേ പരമാവധി 5000 രൂപ എന്ന നിരക്കിൽ നല്കാവൂ. ഈ പരിപാടി ഗ്രാമപഞ്ചായത്തുകളും നഗരസഭാ സ്ഥാപനങ്ങളും മാത്രമേ ഏറ്റെടുക്കാവൂ.

പരാമർശത്തിലെ സർക്കാർ ഉത്തരവ് ഇപ്രകാരം ഭേദഗതി ചെയ്യുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

എസ്. എം. വിജയാനന്ദ്
ഗവൺമെന്റ് സെക്രട്ടറി (ആസൂത്രണം)

1. പഞ്ചായത്ത് ഡയറക്ടർ
2. ഗ്രാമ വികസന കമ്മീഷണർ
3. നഗരകാര്യ വകുപ്പ് ഡയറക്ടർ
4. പ്രിൻസിപ്പൽ സെക്രട്ടറി ധനകാര്യം
5. പ്രിൻസിപ്പൽ സെക്രട്ടറി ഗ്രാമ വികസനം
6. ഗവൺമെന്റ് സെക്രട്ടറി തദ്ദേശസ്വയം ഭരണം
7. ഗവൺമെന്റ് സെക്രട്ടറി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
8. ഗവൺമെന്റ് സെക്രട്ടറി വിവര സാങ്കേതിക വകുപ്പ്
9. എല്ലാ ഗവൺമെന്റ് സെക്രട്ടറിമാർക്കും പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും
10. മെമ്പർ സെക്രട്ടറി സംസ്ഥാന ആസൂത്രണ ബോർഡ്
11. പബ്ലിക്ക് റിലേഷൻസ് വകുപ്പ് ഡയറക്ടർ (അടിയന്തിര പത്രക്കുറിപ്പിന്)
12. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
13. എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും
14. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
15. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
16. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
17. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
18. എല്ലാ മുൻസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
19. ഡയറക്ടർ പട്ടികവർഗ്ഗ വികസനം
20. ഡയറക്ടർ പട്ടികജാതി വികസനം
21. ഡയറക്ടർ കൃഷി വകുപ്പ്

22. എല്ലാ വകുപ്പ് തലവൻമാർക്കും
23. ഡയറക്ടർ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
24. എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ
25. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ ഇൻഫർമേഷൻ കേരളാ മിഷൻ
26. സെക്രട്ടറി കേരളാ ഖാദി ഗ്രാമ വ്യവസായ ബോർഡ്
27. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
28. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളാ തിരുവനന്തപുരം (ഉപരിപത്രം സഹിതം)
29. അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരളാ തിരുവനന്തപുരം (ഉപരിപത്രം സഹിതം)
30. ഡയറക്ടർ ലോക്കൽ ഫണ്ട് ആഡിറ്റ്
31. സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ഓഫീസർ
32. ജനറൽ സെക്രട്ടറി കേരളാ ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ
33. സെക്രട്ടറി കേരളാ ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
34. സെക്രട്ടറി, മുൻസിപ്പൽ ചെയർപേഴ്സൺമാരുടെ ചേംബർ
35. സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ

പകർപ്പ് :

1. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്ക്
2. തദ്ദേശസ്വയം ഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. ഗ്രാമ വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പ് മന്ത്രി
5. സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
6. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
7. വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി അംഗങ്ങൾക്ക്
8. തദ്ദേശസ്വയം ഭരണവകുപ്പ്
9. ഗ്രാമ വികസന വകുപ്പ്